ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 21.03.2025 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിനുള്ള ആദ്യപടിയായി ഗ്രാമങ്ങളെയാണ് വികസിപ്പിക്കേണ്ടതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi has underscored the need to develop villages as the first step toward building a Viksit Bharat.**

2. ടി-90 ടാങ്കുകൾ , വരുണാസ്ത്ര ടോർപ്പിഡോകൾ എന്നിവയ്ക്കായി 1350 കുതിരശക്തി എഞ്ചിനുകൾ വാങ്ങാൻ കേന്ദ്രസർക്കാർ അനുമതി നൽകി. 54,000 കോടി ചിലവുവരും.

   **Defence Ministry approves 54 thousand crore rupee deal to procure Military and Air Defense equipments.**

3. ഏകീകൃത പെൻഷൻ പദ്ധതി നടപ്പാക്കാനുള്ള ചട്ടങ്ങൾ വിജ്ഞാപനം ചെയ്തു. അടുത്ത മാസം ഒന്നു മുതൽ പുതിയ ചട്ടങ്ങൾ പ്രാബല്യത്തിൽ വരും.

   **The Pension Fund Regulatory and Development Authority (PFRDA) has notified regulations for operationalisation of the Unified Pension Scheme (UPS).**

4. കേരളത്തിൽ സർക്കാർ ജീവനക്കാരുടെ ക്ഷാമബത്തയും പെൻഷൻകാരുടെ ക്ഷാമാശ്വാസവും 12 ൽ നിന്ന് 15 ശതമാനായി വർദ്ധിപ്പിച്ചു.

**In Kerala, the dearness allowance of government employees and the dearness relief of pensioners has been increased from 12 to 15 percent.**

5. **അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റിയുടെ പ്രസിഡന്റായി മുൻ നീന്തൽ താരം ക്രിസ്റ്റി കവെൻട്രി തിരഞ്ഞെടുക്കപ്പെട്ടു. ഈ പദവിയിലെത്തുന്ന ആദ്യ വനിത.**

**Former swimmer Christy Coventry has been elected as the president of the International Olympic Committee. The first woman to hold this position.**

6. **ഇന്ന് ലോക വനദിനം. സംസ്ഥാനത്ത് വനമിത്ര പുരസ്കാരം വിതരണം ചെയ്യും.**

**Today is World Forest Day. The Vanamitra Award will be distributed in the state.**

***************************************

## PM-BAVALIYALI DHAM

വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിനുള്ള ആദ്യപടിയായി ഗ്രാമങ്ങളെയാണ് വികസിപ്പിക്കേണ്ടതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കൂട്ടായ പരിശ്രമമാണ് രാജ്യത്തിന്റെ ഏറ്റവും വലിയ ശക്തിയെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഗുജറാത്തിലെ ഭർവാദ് സമാജുമായി ബന്ധപ്പെട്ട ബവലിയാലിധാമിന്റെ പരിപാടിയെ വീഡിയോ സന്ദേശത്തിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. ആധുനിക സമൂഹത്തെ കെട്ടിപ്പടുക്കുന്നതിൽ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യത്തെ അടിവരയിട്ട അദ്ദേഹം, അക്കാദമിക് രംഗത്ത് മികവ് പുലർത്താൻ പെൺകുട്ടികളോട് ആഹ്വാനം ചെയ്തു.

***************************************

## BJP-WHIP

ലോക്സഭയിൽ ഹാജരാകാൻ ബിജെപി അംഗങ്ങൾക്ക് വിപ്പ് പുറപ്പെടുവിച്ച് ബി ജെ പി. സഭാ നടപടികൾ വെട്ടിച്ചുരുക്കാൻ സാധ്യതയുണ്ടെന്നും റിപ്പോർട്ടുണ്ട്.

*************************************

## GOYAL – NASSCOM (INTRO)

450 ബില്യൺ ഡോളറിന്റെ സേവന കയറ്റുമതി എന്ന ലക്ഷ്യം കൈവരിക്കാൻ സർക്കാരിന്റെയും ഐടി മേഖലയുടെയും കൂട്ടായ പ്രതിബദ്ധത ആവശ്യമാണെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ നാസ്കോം ഗ്ലോബൽ കോൺഫ്ലുവൻസ് 2025 നെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഐടി, ടൂറിസം, ബിസിനസ് അക്കൗണ്ടിംഗ്, ധനകാര്യ സേവനങ്ങൾ എന്നീ മേഖലകളിൽ രാജ്യത്തെ എംഎസ്എംഇകളുടെ ദ്രുതഗതിയിലുള്ള വളർച്ച അദ്ദേഹം എടുത്തുപറഞ്ഞു.

(വോയ്സ്)

*************************************

## NATIONAL PENSION SCHEME

ഏകീകൃത പെൻഷൻ പദ്ധതി, യുപിഎസ് നടപ്പാക്കാനുള്ള ചട്ടങ്ങൾ പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി വിജ്ഞാപനം ചെയ്തു. ദേശീയ പെൻഷൻ പദ്ധതി, എൻപിഎസിന് കീഴിൽ വരുന്ന കേന്ദ്ര സർക്കാർ ജീവനക്കാർക്കായി ഈ വർഷം ജനുവരിയിലാണ് യുപിഎസ് വിജ്ഞാപനം ചെയ്തത്. അടുത്ത മാസം ഒന്നു മുതൽ പുതിയ ചട്ടങ്ങൾ പ്രാബല്യത്തിൽ വരും.

*************************************

## EPFO

എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ (ഇപിഎഫ്ഒ) ഈ വർഷം ജനുവരിയിൽ 17 ലക്ഷത്തി 89 ആയിരം അംഗങ്ങളെ കൂട്ടിച്ചേർത്തു. 2024 ഡിസംബറുമായി താരതമ്യപ്പെടുത്തുമ്പോൾ മൊത്തം അംഗങ്ങളുടെ എണ്ണത്തിൽ 11.48 ശതമാനം വർദ്ധനയുണ്ടായി. രാജ്യത്ത് തൊഴിലവസരം വർധിച്ചു വരുന്നതിന്റെ സൂചനയാണിതെന്ന് തൊഴിൽ മന്ത്രാലയം പറഞ്ഞു.

**********************************************

## ASHWINI VAISHNAW (INTRO )

സേവന മേഖലയിൽ രാജ്യം മികച്ച നിലയിലാണെന്നും ഇനി ഒരു ഉൽപ്പന്ന രാഷ്ട്രമാകാൻ കൂടി ശ്രമിക്കേണ്ടതുണ്ടെന്നും കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. ന്യൂഡൽഹിയിൽ ഇന്ത്യൻ വെബ് ബ്രൗസർ ഡെവലപ്മെൻറ് ചലഞ്ച് ആൻഡ് ചിപ്സ് ടു സ്റ്റാർട്ടപ്പ് പ്രോഗ്രാം അവാർഡ് ദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(വോയിസ് )

**********************************************

## DAC CLEARS PROCUREMENT

ടി-90 ടാങ്കുകൾ, വരുണാസ്ത്ര ടോർപ്പിഡോകൾ എന്നിവയ്ക്കായി 1350 കുതിരശക്തി എഞ്ചിനുകൾ വാങ്ങുന്നതിന് കേന്ദ്രസർക്കാർ അനുമതി നൽകി. ഇതിന് 54,000 കോടി രൂപയിലധികം ചിലവ് വരും. രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങിൻറെ അധ്യക്ഷതയിൽ ചേർന്ന പ്രതിരോധ സംഭരണ കൗൺസിൽ യോഗമാണ് അനുമതി നൽകിയത്.

**********************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്

(ബ്രേക്ക്)

**********************************************

## DA ALLOWED

കേരളത്തിൽ സർക്കാർ ജീവനക്കാരുടെ ക്ഷാമബത്തയും പെൻഷൻകാരുടെ ക്ഷാമാശ്വാസവും 12 ൽ നിന്ന് 15 ശതമാനായി വർദ്ധിപ്പിച്ചു. ഏപ്രിൽ മുതൽ വർധന നടപ്പാകും. സർക്കാർ ജീവനക്കാർ, അധ്യാപകർ, എയ്ഡഡ് സ്കൂൾ, കോളേജ്,

പൊളിടെക്‌നിക് ജീവനക്കാർ, തദ്ദേശ സ്ഥാപന ജീവനക്കാർ, മുഴുവൻ സമയ കണ്ടിജൻറ് ജീവനക്കാർ എന്നിവരുടെ ക്ഷാമബത്തയും സംസ്ഥാന സർവീസ് പെൻഷൻ വാങ്ങുന്നവർ, കുടുംബ പെൻഷൻകാർ, എക്സ്ഗ്രേഷ്യ പെൻഷൻകാർ, എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻകാർ എന്നിവർക്ക് ക്ഷാമാശ്വാസവുമാണ് വർധിക്കുക.

**************************************************

## MAHAMANDALESHWAR

മഹാകുംഭമേളയിൽ ജൂനാ അഖാഡയുടെ മഹാമണ്ഡലേശ്വർ ആയി അഭിഷിക്തനായ സ്വാമി ആനന്ദവനം ഭാരതി മഹാരാജ് ഇന്ന് തിരുവനന്തപുരത്തെത്തും. കോട്ടയ്ക്കകം ലെവീ ഹാളിൽ വൈകിട്ട് നടക്കുന്ന ചടങ്ങിൽ അദ്ദേഹത്തെ ആദരിക്കും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പങ്കെടുക്കും. തൃശ്ശൂർ സ്വദേശിയാണ് സ്വാമി ആനന്ദവനം ഭാരതി.

**************************************************

## IOC PRESIDENT..(INTRO)

ലോകത്തെ ഏറ്റവും ബൃഹത്തായ കായിക സംഘടനയായ അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റിയെ ഇനി വനിത നയിക്കും. ഐ ഒ സി പ്രസിഡന്റായി സിംബാബ് വെയുടെ മുൻ നീന്തൽ താരം ക്രിസ്റ്റി കവെൻട്രി തിരഞ്ഞെടുക്കപ്പെട്ടു. **വിശദാംശങ്ങളിലേക്ക്.............**

(വോയ്സ്)

## IOC – PRESIDENT (V.O)

ഐഒസി ചരിത്രത്തിലെ ആദ്യത്തെ വനിതാ പ്രസിഡൻറും ആഫ്രിക്കയിൽ നിന്നുള്ള ആദ്യ വ്യക്തിയുമാണ് കിർസ്റ്റി. പ്രസിഡൻറാകുന്ന പ്രായം കുറഞ്ഞയാൾ എന്ന നേട്ടവും അവർ സ്വന്തമായി. ഇന്നലെ നടന്ന 144-ാമത് ഐഒസി

സെഷനിലാണ് തെരെഞ്ഞെടുപ്പ് നടന്നത്. എട്ടു വർഷത്തേക്കാണ് തിരഞ്ഞെടുപ്പ്. അംഗങ്ങളുടെ പിന്തുണയുണ്ടെങ്കിൽ പിന്നീട് നാല് വർഷംകൂടി തുടരാം. 41 കാരിയായ കവെൻട്രി 2004, 2008 ഒളിമ്പിക്സുകളിൽ നീന്തലിൽ സ്വർണം നേടിയിരുന്നു. 12 വർഷമായി ഐ ഒ സി പ്രസിഡൻറ് സ്ഥാനത്ത് തുടരുന്ന ജർമൻ കാരൻ തോമസ് ബാക്കിൻറെ കാലാവധി ജൂൺ 23 ന് അവസാനിക്കും. അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ ചെയർമാൻ ജയ് ഷാ കിർസ്റ്റി കോവെൻട്രിയെ അഭിനന്ദിച്ചു.

**ന്യൂസ് ഡസ്ക്, ആകാശവാണി.........**

***************************************

## REV. SWISS OPEN BADMINTON

സ്വിറ്റ്സർലൻഡിൽ നടക്കുന്ന സ്വിസ് ഓപ്പൺ ചാമ്പ്യൻഷിപ്പ് ബാഡ്മിന്റണിൽ, ഇന്ത്യയുടെ ശങ്കർ സുബ്രഹ്മണ്യൻ പുരുഷ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ കടന്നു. ലോക റാങ്കിംഗിൽ 64-ാം സ്ഥാനത്തുള്ള സുബ്രഹ്മണ്യൻ, നിലവിലെ ലോക രണ്ടാം സ്ഥാനക്കാരനായ ഡെൻമാർക്ക് താരത്തെയാണ് പരാജയപ്പെടുത്തിയത്. ഇന്ന് നടക്കുന്ന ക്വാർട്ടർ ഫൈനലിൽ ഫ്രാൻസിന്റെ ക്രിസ്റ്റോ പോപോവിനെ നേരിടും . വനിതാ ഡബിൾസിൽ, ഇന്ത്യയുടെ ട്രീസ ജോളി- പങ്കാളി ഗായത്രി ഗോപിചന്ദ് സഖ്യം ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു.

***************************************

## OPEN THROWS COMPETITION

മുംബൈയിൽ നടക്കുന്ന ഇന്ത്യൻ ഓപ്പൺ ത്രോസ് മത്സരത്തിൽ, വനിതകളുടെ ഡിസ്ക്കസ് ത്രോ 56.39 മീറ്ററിൽ സീമ സ്വർണ്ണ മെഡൽ നേടി. ദേശീയ ഗെയിംസ് ചാമ്പ്യൻ, നീതിക വർമ്മ രണ്ടാം സ്ഥാനവും, പ്രിയ മൂന്നാം സ്ഥാനവും നേടി.

***************************************

## WORLD FOREST DAY

ഇന്ന് ലോക വനദിനം. വനനശീകരണത്തിൽ നിന്നും വനങ്ങളെ സംരക്ഷിക്കുക എന്നതാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യം. ഭൂമിയുടെ ആവാസവ്യവസ്ഥയെ ബാധിക്കുന്ന മാനുഷിക ഇടപെടലുകളിൽ നിന്നും വനങ്ങളെ രക്ഷിക്കുക എന്നതാണ് വർഷം തോറും ആചരിക്കുന്ന ഈ ദിനത്തിന്റെ പ്രധാന ഉദ്ദേശം. ദിനാചരണത്തോടനുബന്ധിച്ച് സംസ്ഥാന വനംവകുപ്പ് സംഘടിപ്പിക്കുന്ന പരിപാടികളുടെ ഉദ്ഘാടനം മന്ത്രി എ.കെ ശശീന്ദ്രൻ തിരുവനന്തപുരത്തെ വനം വകുപ്പ് ആസ്ഥാനത്ത് നിർവഹിക്കും. വനമിത്ര പുരസ്കാരങ്ങളും ചടങ്ങിൽ വിതരണം ചെയ്യും.

*************************************

## ISRAEL-HAMAS CONFLICT

ടെൽ അവീവിൽ റോക്കറ്റ് ആക്രമണം നടത്തി ഹമാസ്. ഗാസയിൽ ഇസ്രായേൽ സൈനിക നടപടി പുനരാരംഭിച്ചതിന് ശേഷമുള്ള ഹമാസിൻറെ ആദ്യത്തെ പ്രതികരണമാണിത്. ഒരു റോക്കറ്റ് തടുത്തെന്നും രണ്ടെണ്ണം ജനവാസമില്ലാത്ത പ്രദേശങ്ങളിൽ പതിച്ചതായും ഇസ്രായേൽ സ്ഥിരീകരിച്ചു. അതേസമയം, ഇസ്രായേലി വ്യോമാക്രമണങ്ങളിൽ 85 ഓളം പലസ്തീനികൾ കൂടി കൊല്ലപ്പെട്ടു. അഞ്ഞൂറിലേറെ പേരാണ് ഇതുവരെ കൊല്ലപ്പെട്ടത്. ഐക്യരാഷ്ട്രസഭയുടെ ദുരിതാശ്വാസ പ്രവർത്തന ഏജൻസിയുടെ അഞ്ച് അംഗങ്ങൾ കൊല്ലപ്പെട്ടു.

*************************************

## TRUMP- RARE EARTH MINERALS

യുക്രെയ്നുമായി ധാതു കരാറിൽ ഉടൻ ഒപ്പുവെക്കുമെന്ന് യുഎസ് പ്രസിഡൻറ് ഡൊണാൾഡ് ട്രംപ് . അമേരിക്കയിലെ നിർണായക ധാതുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഉത്തരവിൽ

ഒപ്പുവെച്ചതായും ട്രംപ് വെളിപ്പെടുത്തി. റഷ്യ-യുക്രെയ്ൻ സംഘർഷത്തിൽ വെടിനിർത്തൽ സാധ്യമാകുമെന്ന് യു എസ് പ്രസിഡൻറ് ശുഭാപ്തി വിശ്വാസം പ്രകടിപ്പിച്ചു.

***********************************

## JAISHANKAR-UNFCCC PRESIDENT

വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ ന്യൂഡൽഹിയിൽ UNFCCC, COP30 പ്രസിഡന്റും ഇന്ത്യയിലെ മുൻ ബ്രസീൽ അംബാസഡറുമായ ആൻഡ്രെ അരാന കൊറിയ ദോ ലാഗോയുമായി കൂടിക്കാഴ്ച നടത്തി. കാലവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാനായി COP30 നടത്തുന്ന പ്രവർത്തനങ്ങൾക്ക് അദ്ദേഹം പിന്തുണ അറിയിച്ചു. ബൊളീവിയൻ വിദേശകാര്യ മന്ത്രി സെലിൻഡ സോസ ലുണ്ടയുമായും വിദേശകാര്യമന്ത്രി ഇന്നലെ ചർച്ച നടത്തി. കോമൺവെൽത്ത് സെക്രട്ടറി ജനറലും ഘാനയുടെ മുൻ വിദേശകാര്യ മന്ത്രിയുമായ ഷേർലി അയോർകോർ ബോച്ച്വേയയുമായും കേന്ദ്രമന്ത്രി ഇന്നലെ കൂടിക്കാഴ്ച നടത്തി.

***********************************

## SIVANKUTTY

ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട 26 ലക്ഷത്തി16,657 വിദ്യാർത്ഥികൾക്ക് നാല് കിലോഗ്രാം വീതം അരി വിതരണം ചെയ്യുമെന്ന് മന്ത്രി വി ശിവൻകുട്ടി അറിയിച്ചു. പദ്ധതിയിൽ ഉൾപ്പെടുന്ന പ്രീ-പ്രൈമറി മുതൽ എട്ടാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

***********************************

## SELF EMPLOYMENT LOAN - R BINDU

സ്വയംതൊഴിൽ വായ്പക്ക് ഈടുവെയ്ക്കാൻ ഭൂമിയോ മറ്റു വസ്തുവകകളോ ഇല്ലാത്ത ഭിന്നശേഷിക്കാർക്കുള്ള 'ആശ്വാസം' സ്വയംതൊഴിൽ സംരംഭ സഹായപദ്ധതിയിൽ ഈ സാമ്പത്തിക വർഷം നൂറ്റിനാല്പതു പേർക്ക് 25,000 രൂപ വീതം അനുവദിച്ച്

ഉത്തരവായെന്ന് മന്ത്രി ആർ ബിന്ദു അറിയിച്ചു. മുപ്പത്തഞ്ചു ലക്ഷം രൂപയാണ് അനുവദിച്ചത്. ഈ സാമ്പത്തിക വർഷം അപേക്ഷ നൽകിയ അർഹരായ മുഴുവൻ പേർക്കും തുക അനുവദിച്ചിട്ടുണ്ട്.

*************************************************

## BRONZE STATUE OF J.C. DANIEL

മലയാള സിനിമയുടെ പിതാവ് എന്നറിയപ്പെടുന്ന ജെ സി ഡാനിയലിന്റെ വെങ്കല പ്രതിമ ഒരുങ്ങുന്നു. നിർമ്മാണ ഉദ്ഘാടനം ഇന്ന് ഉച്ചയ്ക്കു ശേഷം തിരുവനന്തപുരം ശ്രീതിയേറ്ററിൽ മന്ത്രി സജി ചെറിയാൻ നിർവഹിക്കും. ചിത്രാഞ്ജലി സ്റ്റുഡിയോയുടെ അമ്പതാം വാർഷിക ആഘോഷത്തോട് അനുബന്ധിച്ച് സ്റ്റുഡിയോ ക്യാമ്പസിൽ സ്ഥാപിക്കുന്നതിനായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ആണ് പ്രതിമ നിർമ്മിക്കുന്നത്. പത്തടി ഉയരത്തിലെ വെങ്കല പ്രതിമയാണ് ശില്പി കുന്നുവിള എം. മുരളി രൂപകൽപ്പന ചെയ്തിട്ടുള്ളത്. 50 ലക്ഷം രൂപ ചിലവിലാണ് പ്രതിമ നിർമ്മാണം.

*************************************************

## HEAVY HEAT

കടുത്ത ചൂടും അൾട്രാ വയലറ്റ് രശ്മികളുടെ സാന്നിധ്യവും വർധിച്ചതോടെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വിവിധ ജില്ലകളിൽ ഉയർന്ന താപനില മുന്നറിയിപ്പ് നൽകി. കൊല്ലം ജില്ലയിലെ അൾട്രാ വയലറ്റ് ഇൻഡക്സ് ഇന്നലെ 11 ആയി ഉയർന്നതിനെ തുടർന്ന് ജില്ലയിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചു. കൊല്ലത്ത് കൊട്ടാരക്കരയിലും പുനലൂരിലും ഇടുക്കിയിൽ ഉയർന്ന ചൂട് സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങിയ പ്രശ്നങ്ങൾക്ക് ഇടയാക്കും. പകൽ 11 മുതൽ 3 വരെയുള്ള സമയത്ത് തുടർച്ചായി വെയിൽ ഏൽക്കുന്നത് ഒഴിവാക്കണം. ഈ മാസം 24 വരെ കേരളത്തിൽ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ മിന്നലോടുകൂടിയ മഴ ലഭിക്കാൻ സാധ്യതയുണ്ട്.

*************************************************

## VIZHINJAM

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപരിഹാര വിതരണം ഇന്ന് രാവിലെ വിഴിഞ്ഞം ടൗൺ സിം ഓഡിറ്റോറിയത്തിൽ നടക്കും. മന്ത്രിമാരായ സജി ചെറിയാൻ, വി എൻ വാസവൻ, ശശി തരൂർ എം.പി, എം വിൻസെന്റ് എം.എൽ.എ, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

******************************************************

## DEBENTURE-AUCTION

സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 990 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം ഈമാസം25ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി നടക്കും.

******************************************************

## AIR - ANNIVERSARY

ആകാശവാണി കോഴിക്കോട് നിലയം 75-ാംവാർഷികാഘോഷ പരിപാടികളുടെ ഭാഗമായി ജൂബിലി വർഷത്തെ സ്വാതി തിരുന്നാൾ സംഗീതോത്സവം ഇന്ന് വൈകിട്ട് ആറിന് തളി കേസരി ഹാളിൽ ആരംഭിക്കും.

*********************************************************************************************************************************************
************